"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡന്റൽ സർജന്മാരുടെ സർവ്വീസിൽ നിന്നുള്ള വിരമിക്കൽ പ്രായം 56 നിന്നും 60 വയസ്സാക്കി ഉയർത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.2/2022/തൊഴിൽ തീയതി,തിരുവനന്തപുരം, 07/01/2022

പരാമർശം:- 1) 26.02.2014 തീയതിയിലെ സ.ഉ(കൈ)നം.31/2014/തൊഴിൽ.

2) 27.06.2014 തീയതിയിലെ സ.ഉ(കൈ)നം.74/2014/തൊഴിൽ.

3) കേരള ഗവൺമെന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ (KGIMOA) സെക്രട്ടറിയുടെ 06.07.2020 തീയതിയിലെ നിവേദനം.

4) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 06.01.2021 ലെ ബി2-23851/2015/ഡി.ഐ.എം.എസ് നമ്പർ കത്ത്.

ഉത്തരവ്

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ എം.ബി.ബി.എസ് ബിരുദധാരികളായ ഡോക്ടർമാരുടെ പെൻഷൻ പ്രായം പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം 58 ആയും തുടർന്ന് പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം 60 ആയും ഉയർത്തി നൽകിയിരുന്നു.

2) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഡന്റൽ സർജന്മാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം കേരള ഗവൺമെന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ (KGIMOA) സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. നിലവിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡന്റൽ സർജന്മാരുടെ വിരമിക്കൽ പ്രായം 56 വയസ്സാണ്. ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും എം.ബി.ബി.എസ് ബിരുദധാരികളായ ഡോക്ടർമാരുടേയും ബി.ഡി.എസ് യോഗ്യതയുള്ള ഡോക്ടർമാരുടേയും വിരമിക്കൽ പ്രായം തുല്യമായതിനാൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസിലെ ഡന്റൽ സർജൻമാരുടെ പെൻഷൻ പ്രായം ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരുടേതിന് തുല്യമാക്കി ഉയർത്തണമെന്ന അപേക്ഷ അനുഭാവപൂർവം പരിഗണിക്കണം എന്ന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡന്റൽ സർജൻമാരുടെ വിരമിക്കൽ പ്രായം 56 വയസ്സിൽ നിന്നും 60 വയസ്സാക്കി

ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള ഗവൺമെന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ (KGIMOA)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 476, തീയതി: 05.01.2022)
ധനകാര്യ വകുപ്പ് (23.10.2021 ലെ നം.1795504/LBR-1/192/2021-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

<u>മേലെഴുത്ത് കത്ത് നമ്പർ.ബി2-23851/2015/ ഡി.ഐ.എം.എസ് തീയതി, 07-02-2022</u>

ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർനടപടികൾക്കുമായി അയയ്ക്കുന്നു.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ്,

1) എല്ലാ ഇ.എസ്.ഐ ആശുപത്രി, സൂപ്രണ്ടുമാർക്കും.
2) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, (മദ്ധ്യ മേഖല) എറണാകുളം, (ദക്ഷിണ മേഖല) കൊല്ലം, (ഉത്തര മേഖല) കോഴിക്കോട്.

പകർപ്പ് - ഫയൽ/സ്റ്റോക്ക്ഫയൽ / Website.

കെ.ജി